# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 443

02.12.2014-ൽ മറുപടിക്ക്

**പ്രാഥമിക സംഘങ്ങളിലെ റിസ്ക് ഫണ്ട്, വെൽഫെയർ ഫണ്ട് പെൻഷൻ വിഹിതങ്ങൾ എന്നിവയുടെ നിക്ഷേപം**

| **ചോദ്യം**<br>**ശ്രീ. ഐ.സി. ബാലകൃഷ്ണൻ :** | **മറുപടി**<br>**ശ്രീ. സി. എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
|---|---|
| (എ) കേരളത്തിലെ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിൽ അംഗങ്ങളിൽ നിന്നും വാങ്ങുന്ന റിസ്ക് ഫണ്ട് വിഹിതം, ജീവനക്കാരിൽ നിന്ന് ഈടാക്കുന്ന വെൽഫെയർ ഫണ്ട് വിഹിതം, പെൻഷൻ വിഹിതം മുതലായവ യഥാസമയം ജില്ലാ ബാങ്കുകളിലെ അക്കൗണ്ടുകളിൽ നിക്ഷേപിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പല സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതികളും ജീവനക്കാർക്ക് നൽകേണ്ട ഗ്രാറ്റുവിറ്റി തുക, പി.എഫ്. വിഹിതം മുതലായവ യഥാസമയം അടയ്ക്കാത്തതിനെക്കുറിച്ച് അന്വേഷിക്കാമോ; ഇത് പരിഹരിക്കുവാൻ ഒരു പൊതു നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ ? | (ബി) സഹകരണ സംഘം ജീവനക്കാർക്ക് അർഹതപ്പെട്ട ഗ്രാറ്റുവിറ്റി നൽകുവാനുള്ള ബാധ്യത ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് തന്നെയാണുള്ളത്. ഗ്രാറ്റുവിറ്റിയുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നിർദ്ദേശങ്ങൾ നിലവിലുണ്ട്. ഗ്രാറ്റുവിറ്റി തുക, പി.എഫ്. വിഹിതം മുതലായവ അടയ്ക്കാത്തതിനെ സംബന്ധിച്ച് പ്രത്യേകം പരാതികൾ നിലവിലില്ല. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണം ആവശ്യമില്ലാത്തതാണ്. ജീവനക്കാരുടെ പെൻഷൻ വിഹിതം യഥാസമയം പെൻഷൻ ബോർഡിൽ ഒടുക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 44/2012-ാം നമ്പർ സർക്കുലർ നിലവിലുള്ളതാണ്. ഈ സാഹചര്യത്തിൽ ഒരു പൊതു നിർദ്ദശം നല്കേണ്ട ആവശ്യമില്ല. |

**സെക്ഷൻ ഓഫീസർ**